# 3

# പൂമ്പാറ്റ മഴയോട് പറഞ്ഞത്

മഴക്കാലത്ത് നിങ്ങൾക്കിഷ്ടമുള്ളതും അല്ലാത്തതുമായ കാര്യങ്ങളുണ്ടാവാം. അവ ഏതെല്ലാം?





# പുതുമഴ

നോക്കൂ തമ്പീ, ബഹുസുഖമേകും
മാരി പതിക്കുന്നു.
കേൾക്കൂ മധുരം, മധുരം ലളിതം
കിളികൾ ചിലയ്ക്കുന്നു.
കന്നിക്കാറുകളലറും നാദം
കാതു തുളയ്ക്കുന്നു.
മിന്നൽപ്പിണരുകൾ മിന്നിച്ചിന്നി -
ക്കണ്ണു മയക്കുന്നു.

പുഴകളിലോരോ നുരയാൽ പുഞ്ചിരി
തൂകിക്കൊണ്ടിപ്പോൾ
തഴുകീടുന്നു തമ്മിൽത്തമ്മിൽ -
ത്തരളതരംഗങ്ങൾ
" തർ തറ" നാദം നീളെ മുഴക്കി -
ത്തവളകൾ കേഴുന്നു.
പുത്തൻവെള്ളം വന്നിഹ നമ്മുടെ
കുളവും നിറയുന്നു.

(വെണ്ണിക്കുളം ഗോപാലക്കുറുപ്പ്)

ഈ കവിതയിൽ നിങ്ങൾക്കിഷ്ടപ്പെട്ട കാര്യങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തൂ?

### വായിക്കാം കണ്ടെത്താം

'പുത്തൻ വെള്ളം വന്നിഹ നമ്മുടെ കുളവും നിറയുന്നു.'
കുളം മാത്രമാണോ നിറയുന്നത്? മറ്റെന്തൊക്കെ നിറയും?

തോട്, മുറ്റം ......................................................................

മഴ പെയ്യുമ്പോൾ ഇവർ ഓരോരുത്തരും ചെയ്യുന്നതെന്ത്?
അതിന്റെ പ്രത്യേകത പറയൂ.

- കിളികൾ - കേൾക്കൂ മധുരം,
  മധുരം ലളിതം കിളികൾ ചിലയ്ക്കുന്നു.
- പുഴ - ..........................................................................
  ..........................................................................
- തവളകൾ - ..........................................................................
  ..........................................................................

## ചിത്രം വരയ്ക്കാം

കവിതയിൽ നിങ്ങൾക്കിഷ്ടപ്പെട്ട എന്തെല്ലാം ദൃശ്യങ്ങളുണ്ട്?
ഏതെങ്കിലും ഒരു ദൃശ്യം വരയ്ക്കൂ.

## എഴുതാം

നമ്മുടെ ചുറ്റുപാടുകൾ മഴയെ വരവേൽക്കുന്നത്
പലവിധത്തിലാണ്.

- മയിൽ നൃത്തം വയ്ക്കുന്നു.
- ചീവീടുകൾ - - - - - - - - - - - - - - - - - - - - - - -
- തൊടിയാകെ - - - - - - - - - - - - - - - - - - - - - -
- - - - - - - - - - - - - - - - - - - - - - - - - - -

### മഴയും പേടിയും

മഴയുടെ പേടിപ്പിക്കുന്ന ഭാവങ്ങൾ ഈ കവിതയിൽ ഉണ്ടോ? ഏതാണ് ആ വരികൾ? ചൊല്ലൂ, എഴുതൂ.

### വായിക്കാം എഴുതാം.

'കേൾക്കൂ മധുരം, മധുരം ലളിതം
കിളികൾ ചിലയ്ക്കുന്നു'.

- ഈ വരിയിൽ കിളികൾക്ക് പകരം മറ്റേതെങ്കിലും ജീവിയാണെങ്കിൽ കവിതയിൽ എന്തുമാറ്റമാണുണ്ടാവുക? കൂട്ടുകാരുമായി ആലോചിച്ച് വരികൾ മാറ്റിയെഴുതി നോക്കൂ.
- കാതു തുളയ്ക്കുന്നത് മേഘങ്ങളുടെ ഗർജനമാണല്ലോ? ഇതുപോലെ കണ്ണ് മയക്കുന്നതും നുരയാൽ തഴുകുന്നതും ആരെല്ലാമാണ്?

### കവിത ചൊല്ലാം

പുതുമഴ എന്ന കവിതയ്ക്ക് ഗ്രൂപ്പിൽ ഈണം കണ്ടെത്തി അവതരിപ്പിക്കൂ? ഏത് ഗ്രൂപ്പിന്റെ കവിതാലാപനമാണ് മികച്ചത്?

| പ്രത്യേകതകൾ | അതെ | അല്ല |
|---|---|---|
| എല്ലാവരും ഒരുമിച്ച് പാടുന്നു. | | |
| കേൾക്കാൻ സുഖമുള്ള ഈണമാണ്. | | |
| വ്യക്തമായി മനസ്സിലാവുന്നവിധം പാടുന്നു. | | |
| | | |

മറ്റേതെങ്കിലും പ്രത്യേകതകൾ നിങ്ങൾ കണ്ടിട്ടുണ്ടോ? കൂട്ടിച്ചേർക്കൂ.

## വായിക്കാം കൂട്ടിച്ചേർക്കാം



മഴയ്ക്കു ശേഷം വന്ന മാറ്റങ്ങൾ പറയാമോ? ചുവടെ ചേർത്തതിൽ വേറെ എന്തൊക്കെ മാറ്റങ്ങൾ കൂടി പറയുന്നുണ്ട്?

പുതുമഴയ്ക്കു ശേഷം വരണ്ടുണങ്ങിയ തൊടിയിലെ ചെമ്മണ്ണ്. പുതുമഴയിൽ കുരുത്ത ഇളംപച്ചനിറമാർന്ന പുൽനാമ്പുകൾ. രണ്ടുനാൾക്കകം തൊടിയാകെ പച്ച വിരിച്ചു. ഇല കൊഴിഞ്ഞ മാവിൻ ചില്ലകളിൽ തളിരിലകൾ വിരിഞ്ഞു. ചുവപ്പുകലർന്ന പച്ചനിറമുള്ള മാന്തളിരുകൾ തിന്നാൻ കുയിലുകൾ എത്തി. നീണ്ട പച്ചത്തണ്ടിന്റെ അറ്റത്ത് ചുവന്നുരുണ്ട പന്തുപോലെ വിടർന്നു നിൽക്കുന്ന പൂവ് കാണാൻ എന്തൊരു ചേല്. വെള്ളയും റോസും കുങ്കുമനിറവുമുള്ള ലില്ലിപ്പൂക്കൾ മാനം നോക്കിച്ചിരിക്കുന്നു. ഭൂമിയെ കുളിരണിയിച്ചുകൊണ്ട് വർഷകാലം വരവായി.

## ഞാൻ കണ്ട മാറ്റങ്ങൾ

മഴയ്ക്കു ശേഷം വന്ന എന്തെല്ലാം മാറ്റങ്ങൾ നിങ്ങൾ കണ്ടിട്ടുണ്ട്? അവ വിവരിക്കൂ. കൂട്ടുകാർക്ക് വായിച്ചു കൊടുക്കൂ.

### പാഠാം രസിക്കാം

ഇതാ ഒരു മഴപ്പാട്ടുകൂടി. സംഘമായി ഈണം നൽകി പാടൂ.

മഴ മഴ പുതുമഴ പെയ്യട്ടേ...
ചറപറ പെരുമഴ പെയ്യട്ടേ...
കള്ളപ്പൂച്ച നനഞ്ഞോട്ടേ
പുള്ളിച്ചിപ്പൈ കരയട്ടേ...





കൊണ്ടാട്ടം മഴ കൊണ്ടോട്ടേ...
ചിക്കിയ നെല്ലും നനയട്ടേ...
മുത്തശ്ശിക്കു തണുക്കട്ടേ...
കട്ടിക്കമ്പിളി ചുറ്റട്ടേ...

അമ്മയുണക്കാ, നയയിൽ തൂക്കിയ
തുണികൾ മഴയിൽ കുതിരട്ടേ...
അച്ഛൻ തിരികെ വരുന്നേരം
മൊട്ടത്തലയും നനയട്ടേ...





വെള്ളപ്പൊക്കം വന്നോട്ടേ...
പള്ളിക്കൂടമടച്ചോട്ടേ...
ഇന്നലെ ഉണ്ണി കുഴിച്ചിട്ട
നീലച്ചോക്ക് മുളയ്ക്കട്ടേ...

നീലച്ചോക്ക്

(എം. എം. സജീന്ദ്രൻ)

# നനഞ്ഞ ചിറകുകൾ

“ എവിടേയും പോകരുതേ, ഇവിടെത്തന്നെ ഇരിക്കണേ മക്കളേ” അമ്മപ്പൂമ്പാറ്റ പുറത്തേക്കിറങ്ങവേ പൂമ്പാറ്റക്കുഞ്ഞുങ്ങളോടു പറഞ്ഞു.



“ ശരിയമ്മേ” മുന്നു പൂമ്പാറ്റക്കുഞ്ഞുങ്ങളും തലയാട്ടി. കുറേ നേരം അവർ മുഖത്തോടുമുഖം നോക്കിയിരുന്നു. മടുത്തപ്പോൾ മഞ്ഞച്ചിറകൻ ചോദിച്ചു,

“ നമുക്കൊന്നു പുറത്തുപോയാലോ?” വെള്ളച്ചിറകനും ചുവന്ന ചിറകനും സമ്മതം മൂളി. അവർ തൊട്ടടുത്ത പുന്തോട്ടത്തിലേക്ക് പറന്നു.

“ ഹായ് എത്രയെത്ര റോസാപ്പൂക്കൾ! ചുകചുകന്ന റോസാപ്പൂക്കൾ!”

മൂവരും മത്സരിച്ച് പൂക്കളിൽ നിന്ന് തേൻ കുടിക്കാൻ തുടങ്ങി.

“ എന്തു മധുരമുള്ള തേൻ!” മഞ്ഞച്ചിറകൻ പറഞ്ഞു.

“ ആഹാ എന്തൊരു സ്വാദ്!” ചെഞ്ചിറകൻ കൂട്ടിച്ചേർത്തു.

“ ഉം... ഉം...” വായിൽ തേനുള്ളതിനാൽ വെള്ളച്ചിറകൻ മൂളി.

തേൻ കുടിച്ച് വയറു നിറഞ്ഞ പൂമ്പാറ്റക്കുഞ്ഞുങ്ങൾ പാട്ടുപാടി നൃത്തം ചെയ്യാൻ തുടങ്ങി.

പെട്ടെന്ന് മാനം കറുത്തു. കാറ്റു വീശി. ഇടിയും മിന്നലും തുടങ്ങി.

“ ഇനി എന്തു ചെയ്യും? വെള്ളച്ചിറകൻ വേവലാതിയോടെ ചോദിച്ചു.

“ നമുക്ക് വേഗം തിരിച്ചു പറന്നാലോ.”

പറഞ്ഞുതീരുംമുമ്പേ മഴ ആർത്തലച്ചു വന്നു. ഇരമ്പി വന്ന മഴയിൽ പൂമ്പാറ്റക്കുഞ്ഞുങ്ങളുടെ നനുത്ത ചിറകുകൾ നനഞ്ഞു കുതിർന്നു.

“അയ്യോ! എനിക്കു ചിറകു വിടർത്താനാകുന്നില്ല.” മൂവരും നിലവിളിക്കാൻ തുടങ്ങി.



“ചെമ്പരത്തിപ്പൂവേ, ചെമ്പരത്തിപ്പൂവേ, ഞങ്ങളെ രക്ഷിക്കൂ”, പൂമ്പാറ്റക്കുഞ്ഞുങ്ങൾ കേണപേക്ഷിച്ചു.

“ചുവന്ന ചിറകനെ ഞാൻ രക്ഷിക്കാം. മറ്റാരുടേയും കാര്യം നോക്കാൻ ഞാനില്ല.”

പൂമ്പാറ്റക്കുഞ്ഞുങ്ങൾ കോളാമ്പിപ്പൂവിന്റെ അടുത്തേക്കോടി.

“മഞ്ഞക്കോളാമ്പീ, മഞ്ഞക്കോളാമ്പീ... ഞങ്ങളെ രക്ഷിക്കോ.” അവർ ദയനീയമായി ചോദിച്ചു.

“മഞ്ഞച്ചിറകനെ ഞാൻ രക്ഷിക്കാം. മറ്റാരുടേയും കാര്യം നോക്കാൻ എനിക്കാവില്ല.” കോളാമ്പിപ്പൂ പറഞ്ഞു.

നനഞ്ഞു കുതിർന്ന ചിറകുകളുടെ ഭാരം കൂടിക്കൂടി വന്നു. അവർ തുമ്പപ്പൂവിനടുത്തേക്ക് വേച്ചുവേച്ചു നടന്നു. ആരും പൂമ്പാറ്റക്കുഞ്ഞുങ്ങൾക്ക് അഭയം നൽകിയില്ല. നിരാശരായ അവർ ആകാശത്തേക്ക് നോക്കിനിന്നു. വെള്ളച്ചിറകൻ സ്വയം പറഞ്ഞു, “അമ്മ പറഞ്ഞത് കേട്ടിരുന്നെങ്കിൽ..”



ഇതെല്ലാം നോക്കി നിൽക്കുകയായിരുന്ന സൂര്യന്റെ മനസ്സലിഞ്ഞു.

“എങ്ങനെയും പൂമ്പാറ്റകളെ രക്ഷിക്കണം” സൂര്യൻ തീരുമാനിച്ചു. തന്റെ ആയിരം കൈകൾ കൊണ്ട് മഴയെ സൂര്യൻ ആട്ടിയോടിച്ചു. മഴ ഓടിമറഞ്ഞു. മാനം തെളിഞ്ഞു. സൂര്യൻ തന്റെ കരങ്ങൾ നീട്ടി പൂമ്പാറ്റക്കുഞ്ഞുങ്ങളുടെ ചിറകിലെ നനവെല്ലാം ഒപ്പിയെടുത്തു.

“ഹായ്! എനിക്കിപ്പോൾ ചിറകുകൾ വീശിപ്പറക്കാം! മഞ്ഞച്ചിറകൻ ചിറകുകൾ വിടർത്തി വാനിലേക്കുയർന്നു. പിന്നാലെ മറ്റു രണ്ടുപേരും.

പറന്നുപറന്ന് അവർ അമ്മയുടെ അടുത്തെത്തി.

“ഈ പെരുമഴയത്ത് നിങ്ങൾ എവിടെയായിരുന്നു മക്കളേ?” അമ്മ ചോദിച്ചു. നടന്ന സംഭവങ്ങൾ ഒന്നൊഴിയാതെ അവർ അമ്മയോടു പറഞ്ഞു.

## സംഭവങ്ങൾ ക്രമപ്പെടുത്താം




കഥയിലെ സംഭവങ്ങൾ ക്രമീകരിക്കാമോ? എഴുതൂ?

### എങ്ങനെ പറഞ്ഞിരിക്കാം.?

ചെമ്പരത്തിച്ചെടിയോട് പൂമ്പാറ്റകൾ കേണപേക്ഷിച്ചു.

കോളാമ്പിച്ചെടിയോട് ദയനീയമായി പറഞ്ഞു.

തുമ്പച്ചെടിയോട്...

### ഊഹിക്കാം കണ്ടെത്താം

| പദങ്ങൾ | ആദ്യവായനയിൽ തോന്നിയ അർഥം | ഒരിക്കൽക്കൂടി വായിച്ചപ്പോൾ കണ്ടെത്തിയ അർഥം |
|---|---|---|
| അഭയം | | |
| കരങ്ങൾ | | |
| നനുത്ത | | |
| വേവലാതി | | |

### വായിക്കാം അഭിനയിക്കാം

- തുമ്പച്ചെടിയുടെ അടുത്തു ചെന്ന് പൂമ്പാറ്റക്കുഞ്ഞുങ്ങൾ ചോദിച്ചതെന്തായിരിക്കാം? തുമ്പച്ചെടി പറഞ്ഞതോ? രണ്ടുപേരുടെ ഗ്രൂപ്പിൽ റോൾപ്ലേയായി അവതരിപ്പിക്കൂ.
- സൂര്യൻ മേഘങ്ങളോട് ദേഷ്യപ്പെട്ടുകൊണ്ട് എന്തൊക്കെയായിരിക്കാം പറഞ്ഞിട്ടുണ്ടാവുക? സംഭാഷണമായി എഴുതിനോക്കൂ.

### പൂമ്പാറ്റയുടെ ഡയറി

- പൂമ്പാറ്റക്കുഞ്ഞുങ്ങൾ അമ്മയോട് നടന്നതെല്ലാം പറഞ്ഞു. അന്ന് നടന്ന സംഭവങ്ങൾ ഒരു ഡയറിക്കുറിപ്പായി എഴുതൂ.